"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ഗോശ്രീ ദ്വീപു വികസന അതോറിറ്റി-ജീവനക്കാര്യം-ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. ടെന്നിസൺ. എ. റ്റിയുടെ ഗോശ്രീ ദ്വീപു വികസന അതോറിറ്റിയിലെ ഫിനാൻസ് ഓഫീസർ (ഗ്രേഡ് II) തസ്തികയിലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.860/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/04/2021

---

പരാമർശം:- 1) 10.05.2013 തീയതിയിലെ 42/2013/ധന നമ്പർ സർക്കുലർ.

2) 28.11.2013-ലെ സ. ഉ (പി) നം. 580/2013/ധന

3) 02.04.2018-ലെ സ. ഉ (സാധാ) നം. 939/2018/തസ്വഭവ

4) 03.06.2019-ലെ സ. ഉ (സാധാ) നം. 1147/2019/തസ്വഭവ

5) 26.05.32020-ലെ സ. ഉ (സാധാ) നം. 988/2020/തസ്വഭവ

6) ഗോശ്രീ ദ്വീപു വികസന അതോറിറ്റി സെക്രട്ടറിയുടെ 06.03.2021-ലെ GIDA/1021/2015 നമ്പർ കത്ത്.

ഉത്തരവ്

ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. ടെന്നിസൺ. എ.റ്റിയെ പരാമർശം (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം ഗോശ്രീ ദ്വീപു വികസന അതോറിറ്റിയിൽ ഫിനാൻസ് ഓഫീസർ (ഗ്രേഡ് II) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് പരാമർശം (4), (5) എന്നിവയിലെ ഉത്തരവുകൾ പ്രകാരം ടി അന്യത്ര സേവന കാലം ദീർഘിപ്പിച്ചു നൽകുകയുമുണ്ടായി.

2) ശ്രീ. ടെന്നിസൺ. എ. റ്റിയുടെ അന്യത്ര സേവന കാലാവധി 25.04.2021-ൽ അവസാനിച്ച സാഹചര്യത്തിൽ 26.04.2021 മുതൽ ഒരു വർഷത്തേയ്ക്കു കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) പ്രകാരം ഗോശ്രീ ദ്വീപു വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ.ടെന്നിസൺ. എ.റ്റി.-യുടെ ഗോശ്രീ ദ്വീപു വികസന അതോറിറ്റിയിലെ ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്ര സേവന കാലം കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 26.04.2021 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

PTO

File No.LSGD-IA3/40/2021-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**സ്പെഷ്യൽ സെക്രട്ടറി**

സെക്രട്ടറി, ഗോശ്രീ ദ്വീപു വികസന അതോറിറ്റി, കൊച്ചി.

ശ്രീ. ടെന്നിസൺ. എ. റ്റി[ധനകാര്യ (അഡ്മിനിസ്ട്രേഷൻ -എ) വകുപ്പ് മുഖാന്തിരം)]

ധനകാര്യ (അഡ്മിനിസ്ട്രേഷൻ -എ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ &ആർഎസ്എ/ജി&എസ്എസ്എ) ,കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ